പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3549

20/06/2018-ൽ മറുപടിക്ക്

## ഹെൽത്ത് ടെക്നോളജി അസസ്മെന്റ് ഇൻ ഇൻഡ്യ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | കേന്ദ്രസർക്കാർ ആവിഷ്കരിച്ച ഹെൽത്ത് ടെക്നോളജി അസസ്മെന്റ് ഇൻ ഇൻഡ്യ പദ്ധതി (എച്ച്.ടി.എ.എൻ) അനുസരിച്ച് സംസ്ഥാനത്തിന് ആവശ്യമായ ഉപദേശം നൽകുന്നതിന് ശ്രീചിത്ര മെഡിക്കൽ സെന്ററിന്റെ കീഴിലുള്ള അച്യുതമേനോൻ സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; സാങ്കേതിക സഹായം ഇതുവഴി ലഭിക്കുമോ; | എ) | കേന്ദ്ര സർക്കാരിന്റെ ആരോഗ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള ഹെൽത്ത് റിസർച്ച് ഡിപ്പാർട്ടുമെന്റ് (ഡി.എച്ച്.ആർ) ന്റെ ഒരു സംരംഭമാണ് 'ഹെൽത്ത് ടെക്നോളജി അസസ്മെന്റ് ഇന്ത്യ'. ഇതിൽ ഡി.എച്ച്.ആറിനു പുറമെ രാജ്യത്തെമ്പാടും തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ റിസോഴ്സ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. അതിലൊന്നാണ് അച്യുത മേനോൻ സെന്ററിൽ തുടങ്ങിയിട്ടുള്ളത്. ഈ കേന്ദ്രത്തിന് ഒരു ഉപദേശക സ്വഭാവം മാത്രമാണുള്ളത്. കേരള സർക്കാരിന്റെ ആരോഗ്യ വകുപ്പ് ആവശ്യപ്പെടുന്നതനുസരിച്ച് പഠനങ്ങൾ നടത്താനുള്ള മാൻഡേറ്റ് ഈ കേന്ദ്രത്തിനുണ്ട്. |
| ബി) | മരുന്നും മെഡിക്കൽ ഉപകരണങ്ങളും നിർമ്മിക്കുന്ന കമ്പനികളുടെ അവകാശവാദം പരിശോധിച്ച് ഉറപ്പാക്കുന്നതിനൊപ്പം അവയ്ക്കു വേണ്ടി വരുന്ന ചെലവുകളും ഗുണ ദോഷങ്ങളും പഠനവിഷയമാക്കുന്നതിനു വേണ്ടിയുള്ള എന്തെങ്കിലും നടപടികൾ ഈ പദ്ധതി പ്രകാരം നടപ്പാക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | ബി) | ഈ പദ്ധതി പ്രകാരം പല സാങ്കേതിക വിദ്യകളുടെയും മരുന്നുകളുടെയും നേട്ടകോട്ട വിശ്ലേഷണം നടന്നു കഴിഞ്ഞു കൂടുതലും ചാണ്ഡിഗഢിലെ പോസ്റ്റ് ഗ്രാഡുവേറ്റ് മെഡിക്കൽ സെന്ററിൽ ഉള്ള സാങ്കേതിക കേന്ദ്രത്തിലാണ് നടന്നിട്ടുള്ളത്. അച്യുതമേനോൻ സെന്ററിൽ പഠനങ്ങൾ ഉടനെ ആരംഭിക്കും. |
| സി) | പുതുചികിത്സകൾ വിലയിരുത്തുന്നതിനുള്ള പട്ടികയിൽ കേരളത്തിൽ നിന്നുള്ള എത്ര സ്ഥാപനങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ? | സി) | പുതുചികിത്സകൾ വിലയിരുത്തുന്നതിനുള്ള ഒരു കേന്ദ്രം മാത്രമെ കേരളത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ളൂ അത് അച്യുതമേനോൻ സെന്ററിൽ പ്രവർത്തിക്കുന്ന കേന്ദ്രമാണ്. |

സെക്ഷൻ ഓഫീസർ